**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1057 05.02.2020-ൽ മറുപടിയ്ക്ക്**

**യുവ എഞ്ചിനീയറന്മാരെ എക്സൈസ് ഉദ്യോഗസ്ഥർ കഞ്ചാവ് കേസിൽ കുടുക്കി എന്ന ആക്ഷേപം**

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) കൊച്ചി രാജ്യന്തര വിമാനത്താവളത്തിൽ ഇന്ധനം നിറയ്ക്കുവാൻ നിയമിച്ച മൂന്ന് യുവ എഞ്ചിനീയർമാരെ എക്സൈസ് ഉദ്യോഗസ്ഥർ കഞ്ചാവ് കേസിൽ കുടുക്കി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയോ; എഞ്ചിനീയർമാരെ കള്ളക്കേസിൽ കുടുക്കിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; | (ബി) യും (സി) ആലുവ എക്സൈസ് സർക്കിൾ ഓഫീസിൽ 15-06-2019 ന് രജിസ്റ്റർ ചെയ്ത 28/19-mw നമ്പർ NDPS കേസ് എടുത്തതു സംബന്ധിച്ച് ലഭിച്ച പരാതിയിൽ അന്വേഷണം നടത്തുവാൻ അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-നെ ചുമതലപ്പെടുത്തുകയും അതുപ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പ്രഥമ ദൃഷ്ട്യാ കുറ്റാരോപിതർ എന്ന് സൂചിപ്പിച്ച ഉദ്യോഗസ്ഥരെ ജില്ലവിട്ട് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.<br>ഈ വിഷയം സമഗ്രമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയ അഡീഷണൽ എക്സൈസ് എൻഫോഴ്സ്മെന്റ് കമ്മീഷണർ നൽകിയ ശിപാർശകളിൽ നടപടി സ്വീകരിക്കുവാൻ കാലതാമസം ഉണ്ടാകുന്നതിന് കാരണമെന്താണ്; വിശദവിവരം വെളിപ്പെടുത്താമോ? | |

സെക്ഷൻ ഓഫീസർ